വിവിധ സ്റ്റേഷനുകളിൽ നിരവധി കേസുകളിൽ പ്രതിയായ നിരന്തര കുറ്റവാളിയെ കാപ്പ ചുമത്തി ജയിലിലടച്ചു. കരുമാലൂർ വെളിയത്തുനാട് തടിക്കക്കടവ് ഭാഗത്ത് കൂട്ടുങ്ങപറമ്പിൽ വീട്ടിൽ ഇബ്രാഹിം (ഉമ്പായി 34) നെയാണ് കാപ്പ ചുമത്തി ജയിലിലടച്ചത്. കഴിഞ്ഞ മാർച്ചിൽ ആലുവയിൽ തോക്ക് ചൂണ്ടി ഹൈവേ റോബറി നടത്തിയ കേസ്, കൊലപാതക ശ്രമം, ദേഹോപദ്രവം, തട്ടിപ്പ്, ആത്മഹത്യ പ്രേരണ, ഔദ്യോഗിക കൃത്യനിർവ്വഹണം തടസപ്പെടുത്തൽ, തട്ടിക്കൊണ്ടുപോയി മാനഭംഗപ്പെടുത്തൽ തുടങ്ങിയ കേസുകളിലെ പ്രതിയാണ്.